**GAZETTE DATE : 30.08.2024**
**LAST DATE : 03.10.2024**

# CATEGORY NO: 289/2024 – 290/2024

| | | | |
|---|---|---|---|
| **Part-I** | **Direct Recruitment** | **Category Number** | **289/2024** |
| **Part-II** | **Recruitment By Transfer** | **Category Number** | **290/2024** |

Applications are invited online only through One Time Registration in the official website of the Kerala Public Service Commission from qualified candidates for selection to the under mentioned post in Kerala Government Service. Candidates who have already registered can apply through their profile. Application submitted in any other manner will be summarily rejected.

1. **Department** : **Various**

2. **Name of Post** : **Sergeant (Part I-Direct Recruitment & Part II Recruitment by Transfer)**

3. **Scale of pay** : **₹ 31,100-66,800/-**

4. **Number of vacancies** : **District-wise**

| District | Vacancies |
|---|---|
| Kottayam | 02 (Two) |
| Thiruvananthapuram | Anticipated Vacancies |
| Alappuzha | |
| Ernakulam | |
| Malappuram | |
| Kozhikode | |

The selection of candidates for appointment by direct recruitment and by transfer method shall be in the ratio of 2:1, and shall be conducted by the Kerala Public Service Commission, vide GO(P)No.7/2021/P&ARD dated 28.06.2021).

**Note**:-

(i) The above vacancies are now in existence. Separate Ranked list will be prepared in pursuance of this notification for each revenue district shown above. The Ranked List thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said Ranked list will continue to be in force till the publication of a new Ranked List after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against aforesaid vacancies and also against the vacancies, if any, reported during the currency of the Ranked List.

(ii) Candidates should submit their application for this post to any of the above districts, where the vacancy is existing and should note the name of that District against the relevant column of the online application. Applications should not be submitted to more than one district in response to this notification. If applications are submitted contrary to the above direction, and if he/she is selected, his/her name will be removed from the Ranked List and disciplinary action will be taken against him/her.

(iii) The selection in pursuance of this notification will be made on a Revenue District basis, subject to the special conditions laid down in GO(Ms) No. 154/71/PD dated, 27.05.1971. A candidate advised for appointment in one Revenue District from the Ranked List prepared is not eligible for transfer to another district unless he/she completes five years of continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in GO(MS) No. 4/61/PD dated, 2.1.1961. Candidates already in Government service holding the same post in any one District are prohibited from applying again for this post, but they can apply to higher/lower posts when notified.

**5. Method of appointment** : (1) By Direct Recruitment

(2) Recruitment By Transfer from any other class, category or service.

**6. Age** : **(1) Direct Recruitment**

18-36. Only candidates born between 02.01.1988 and 01.01.2006 (both dates included) are eligible to apply for this post. Other Backward Classes, Scheduled Caste /Scheduled Tribes candidates and Ex-Servicemen are eligible for usual age relaxation.

**Note:-**For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 years, please see para (2) of the General Conditions under Part II of this Notification.

**(2) Recruitment By Transfer**

Age limit :Not applicable

**7. <u>Qualification</u> (Direct Recruitment & Recruitment By Transfer):**

(1) Must be a pensioned Junior Commissioned Officer of the Army or equivalent in the Navy or Air Force.

OR

(2) In the absence of candidates with the qualification mentioned in item (1) above, candidates with literacy in English and ten years Military Service in the Army, Navy or Air Force.

OR

(3) In the absence of qualified hands under items (1) and (2) above, SSLC or equivalent with ten years service in the Police Force under the State Government or six months Military Training.

**Note:-**

(1) A working knowledge in Malayalam, or Tamil or Kannada shall be an essential qualification.

(2) Differently abled candidates shall not be eligible to apply for the post. Hence sub para vii on Para (2) and Paras 5 & 5 (a) of the General Conditions are not applicable to this post.

The Candidates shall produce a Medical Certificate from a Medical Officer not below the rank of a Civil Surgeon Grade II to prove the following physical qualification at the time of interview.

(a) (i) Height - 167 cms

(ii) Chest - 81 cms with a minimum expansion of 5 cms. (Minimum height and chest measurement shall be 160 cms and 76 cms respectively for SC/ST candidates. The minimum chest expansion of 5 cms shall however be applicable for them also)

(b) Visual standards with Glasses.

| | Right Eye | Left Eye |
|---|---|---|
| Distant Vision | 6/6 Snellen | 6/6 Snellen |
| Near Vision | 0.5 Snellen | 0.5 Snellen |

Each eye must have full field of vision. Colour blindness, squint or any morbid condition of the eye or lids of either eye shall be a disqualification.

(c) Must be free from apparent physical defects like knock knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing.

**<u>FORM OF MEDICAL CERTIFICATE</u>**

…...............................

Signature of candidate

I have, this day, medically examined Sri. …................................... …................................... (Address) …............................................... …............................................................ and found that he possesses the following physical and visual standard.

(i) Height in cms :

(ii) Chest (Normal) in cms :

(iii) Chest (on expansion) in cms (A minimum expansion of 5 cms is required):

The candidate is free from/not free from (strike off which is not applicable) apparent physical defects like knock-knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing. (The Medical Officer examining the candidates should record in the certificate, the defects if any of the above nature is detected).
Standards of Vision with Glasses

| | | Right Eye | Left Eye |
|---|---|---|---|
| (i) | Distant Vision | …...... Snellen | …........Snellen |
| (ii) | Near Vision | …...... Snellen | …........Snellen |
| (iii) | Field of Vision | …...... Snellen | …........Snellen |

(Specify whether field of vision is full or not. Entry such as `Normal' `good' etc are inappropriate here)

(iv) Colour Blindness :

(v) Squint :

(vi) Any morbid condition of the eye or lids of either eye :

Signature
Name & Designation of the Medical Officer

Place :
Date :

(Office seal)

**Note:-**

(i) Rule 10 a (ii) of Part II of KS&SSR is applicable.

(ii) In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualifications specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

(iii) Candidates who apply for By Transfer appointment category should produce Service Certificate obtained from the Head of Office/Department in original in the form given below, to prove their services as and when called for.

**SERVICE CERTIFICATE**

| | | | |
|---|---|---|---|
| 1) | Name of the Candidate | : | |
| 2) | Post now held | : | |
| 3) | Scale of pay and pay as on the date of application. | : | |
| 4) | Department. | : | |
| 5) | Total Service under Government with details. | : | |

| Post | Scale of Pay | Duration | | Date of declaration of probation |
|---|---|---|---|---|
| | | From | To | |
| | | | | |

Certified that the above details were verified with the Service particulars of the Candidate and they are found correct.

Signature
Name:
Place: Designation and address of
Date: Head of Office/Department

(Office Seal)

**8. Mode of submitting application:**

a) Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. The Photograph uploaded should be taken after 31.12.2014. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking the photograph. Candidates creating new profile should upload photograph taken within last six months from the date of their registration. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, Community etc. have to be produced as and when called for.

b) **Candidates who have AADHAAR card should add AADHAAR card as Identity Proof in their profile.**

**9. Last date of receipt of applications** : **03.10.2024 Thursday up to 12 Midnight.**

**10.** Website to which applications are to be submitted:-www.keralapsc.gov.in

**11.** If Written Test/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**12. Special Instructions to Candidates**

**(i)** In the case of difference in Caste/Community claimed in the application and that entered in SSLC Book the candidate shall produce a gazette notification in this regard, along with Non-creamy Layer Certificate/Community Certificate at the time of certificate verification.

**(ii)** Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(iii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure(1976) shall be initiated against those candidates whose submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the intiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For further details including photo , Identity Proof etc. please see the General Conditions given in Part II of this Notification).

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ :289/2024 – 290/2024

| | | | |
|---|---|---|---|
| ഭാഗം 1 | നേരിട്ടുള്ള നിയമനം | കാറ്റഗറി നമ്പർ | 289/2024 |
| ഭാഗം 11 | തസ്തികമാറ്റം വഴിയുള്ള നിയമനം. | കാറ്റഗറി നമ്പർ | 290/2024 |

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ **"ഒറ്റത്തവണ രജിസ്ട്രേഷൻ"** വഴി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. മറ്റു വിധത്തിൽ അയക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**1. വകുപ്പ്** : **വിവിധം**

**2. ഉദ്യോഗപ്പേര്** : **സർജന്റ് (ഭാഗം 1 –നേരിട്ടുള്ള നിയമനം**
**ഭാഗം 2 – തസ്തികമാറ്റം വഴിയുള്ള നിയമനം)**

**3. ശമ്പളം** : **₹ 31,100–66,800/–**

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| കോട്ടയം | 02 (രണ്ട്) |
| തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| ആലപ്പുഴ | |
| എറണാകുളം | |
| മലപ്പുറം | |
| കോഴിക്കോട് | |

[നേരിട്ടുള്ള നിയമനവും തസ്തിക മാറ്റം മുഖേനയുള്ള നിയമനവും കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നടത്തുന്നതും ഇവ തമ്മിലുള്ള അനുപാതം 2:1 ആയിരിക്കും. (28.06.2021 തീയതിയിലെ സ.ഉ(അച്ചടി) നം.7/2021/പി&എആർഡി പ്രകാരം)]

**കുറിപ്പ്** :-

(I) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം (നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റ നിയമനത്തിനും ഉൾപ്പെടെ) റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം

അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന/താഴ്ന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമനരീതി** : (1) നേരിട്ടുള്ള നിയമനം

(2) മറ്റേതെങ്കിലും ക്ലാസ്, കാറ്റഗറി അല്ലെങ്കിൽ സർവ്വീസിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.

**6. പ്രായപരിധി** : **1) നേരിട്ടുള്ള നിയമനം**

18-36. ഉദ്യോഗാർത്ഥികൾ 02.01.1988-നും 01.01.2006-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും, വിമുക്തഭടന്മാർക്കും നിയമാനുസൃതമായ വയസ്സിളവുണ്ടായിരിക്കും.

<u>കുറിപ്പ്:-</u>

യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക.

**2)തസ്തികമാറ്റം മുഖേനയുള്ള നിയമനം:** പ്രായപരിധി ബാധകമല്ല

**7. യോഗ്യതകൾ (നേരിട്ടുള്ള നിയമനത്തിനും തസ്തിക മാറ്റം മുഖേനയുള്ള നിയമനത്തിനും)**

(1) കരസേനയിൽ ജൂനിയർ കമ്മീഷൻഡ് ഓഫീസർ റാങ്കിലോ നാവികസേനയിലോ വ്യോമസേനയിലോ തത്തുല്യമായ ഓഫീസർ റാങ്കിലോ പെൻഷൻ പറ്റിയ ആളായിരിക്കണം.

അല്ലെങ്കിൽ

(2) മുകളിൽ ഒന്നാമത്തെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇംഗ്ലീഷ് എഴുതുവാനും വായിക്കുവാനും ഉള്ള കഴിവും കരസേന, നാവികസേന, വ്യോമസേന ഇവയിൽ ഒന്നിൽ 10 (പത്ത്) വർഷത്തെ സൈനിക സേവന കാലാവധി പൂർത്തീകരിച്ച ആളായിരിക്കണം.

അല്ലെങ്കിൽ

(3) മുകളിൽ ഒന്നാമത്തെയും രണ്ടാമത്തെയും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കുകയും സംസ്ഥാന സർക്കാരിന്റെ കീഴിൽ പത്തു വർഷത്തെ പോലീസ് സേവനമോ അല്ലെങ്കിൽ മിലിട്ടറിയിൽ ആറുമാസത്തെ പരിശീലനമോ നേടിയ ആളായിരിക്കണം.

<u>കുറിപ്പ് :-</u>

(i) മലയാളം, തമിഴ്, കന്നട ഇവയിൽ ഏതെങ്കിലും ഒന്നിൽ എഴുതുവാനും വായിക്കുവാനുമുള്ള പ്രാവീണ്യം അവശ്യം വേണ്ടതാണ്.

(ii) ഭിന്നശേഷിയുള്ളവർ ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരല്ല. തൻമൂലം പൊതുവ്യവസ്ഥകളിലെ 2-ാം ഖണ്ഡികയിലെ ഏഴാം ഉപഖണ്ഡികയും 5, 5(a) എന്നീ ഖണ്ഡികകളും ഈ ഉദ്യോഗത്തിന് ബാധകമല്ല.

ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന ശാരീരിക യോഗ്യതകൾ ഉണ്ടെന്ന് തെളിയിക്കുന്നതിന് സർവ്വീസിലുള്ള സിവിൽ സർജൻ ഗ്രേഡ്-2 വിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക താഴെ കൊടുത്തിട്ടുള്ളത് കാണുക).**

(എ) (1) ഉയരം 167 സെ.മീ.

(2) 81 സെ.മീ നെഞ്ചളവും കുറഞ്ഞത് 5 സെ.മീ വികാസവും ഉണ്ടായിരിക്കണം. (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 160 സെ.മീ. ഉയരവും 76 സെ.മീ. നെഞ്ചളവും മതിയാകുന്നതാണ്. എന്നാൽ 5 സെ.മീ. വികാസം അവർക്കും ഉണ്ടായിരിക്കണം).

(ബി) കണ്ണട ധരിച്ചുകൊണ്ട് താഴെപ്പറയുന്ന കാഴ്ചശക്തി ഉണ്ടായിരിക്കണം.

| | <u>വലതു കണ്ണ്</u> | <u>ഇടതു കണ്ണ്</u> |
|---|---|---|
| ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപകാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. ഓരോ കണ്ണിന്റെയും വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(സി) മുട്ടുതട്ട്, പരന്ന പാദം, സിരാവീക്കം, വളഞ്ഞ കാലുകൾ, വികൃതമായ കൈകാലുകൾ, നിരപ്പില്ലാത്തതും ഉന്തിയതുമായ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉള്ളവരെ അയോഗ്യരായി കണക്കാക്കുന്നതാണ്.

## FORM OF MEDICAL CERTIFICATE

…...............................

Signature of candidate

I have, this day, medically examined Sri. …................................................................... (Address) …................................................ …............................................................. and found that he possesses the following physical and visual standard.

(i) Height in cms. :

(ii) Chest (Normal) in cms. :

(iii) Chest (on expansion) in cms (A minimum expansion of 5 cms is required) :

The candidate is free from/not free from (strike off which is not applicable) apparent physical defects like knock-knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing. (The Medical Officer examining the candidates should record in the certificate, the defects if any of the above nature is detected).

Standards of Vision with Glasses

| | | Right Eye | Left Eye |
|---|---|---|---|
| (i) | Distant Vision | …....... Snellen | …........Snellen |
| (ii) | Near Vision | …....... Snellen | …........Snellen |
| (iii) | Field of Vision | …....... Snellen | …........Snellen |

(Specify whether field of vision is full or not. Entry such as `Normal' `good' etc are inappropriate here)

(iv) Colour Blindness :

(v) Squint :

(vi) Any morbid condition of the eye or lids of either eye :

Place : Signature
Date : Name & Designation of the Medical Officer

(Office seal)

**കുറിപ്പ് :-**

(1) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

(ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ സർവ്വീസ് തെളിയിക്കുന്നതിനായി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഓഫീസ്/ വകുപ്പ് മേധാവിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ നേടിയ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

<table>
<tr><th colspan="6">SERVICE CERTIFICATE</th></tr>
<tr><td>1)</td><td colspan="2">Name of the Candidate</td><td>:</td><td colspan="2"></td></tr>
<tr><td>2)</td><td colspan="2">Post now held</td><td>:</td><td colspan="2"></td></tr>
<tr><td>3)</td><td colspan="2">Scale of pay and pay as on the date of application.</td><td>:</td><td colspan="2"></td></tr>
<tr><td>4)</td><td colspan="2">Department.</td><td>:</td><td colspan="2"></td></tr>
<tr><td>5)</td><td colspan="2">Total Service under Government with details.</td><td>:</td><td colspan="2"></td></tr>
<tr><td colspan="2" rowspan="2">Post</td><td rowspan="2">Scale of Pay</td><td colspan="2">Duration</td><td rowspan="2">Date of Declaration of probation</td></tr>
<tr><td>From</td><td>To</td></tr>
<tr><td colspan="2"></td><td></td><td></td><td></td><td></td></tr>
</table>

Certified that the above details were verified with the Service particulars of the Candidate and they are found correct.

Signature

Place: Name:

Date: Designation and address of Head of Office/Department

(Office Seal)

**8. അപേക്ഷ സമർപ്പിക്കേണ്ട വിധം:-**

**എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2014 ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ അപ്-ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

9. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 03.10.2024 വ്യാഴാഴ്ച** അർദ്ധരാത്രി **12.00** വരെ.

10. **അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്:** www.keralapsc.gov.in

11. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ /ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

12. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ(1976) റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമനടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(ഫോട്ടോ, തിരിച്ചറിയൽ രേഖ എന്നിവയുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II ൽ നൽകിയിരിക്കുന്ന പൊതുവ്യവസ്ഥകൾ കൂടി കാണുക.)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ